# കേരള സർവകലാശാല

നം. പി.ആർ.225/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വൈവ-വോസി പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് പരീക്ഷയുടെ വൈവ ഒക്ടോബർ 24 മുതൽ 27 വരെയും, എം.എ ഹിസ്റ്ററി പരീക്ഷയുടെ വൈവ ഒക്ടോബർ 23 മുതൽ 30 വരെയും, എം.എ അറബിക് പരീക്ഷയുടെ വൈവ ഒക്ടോബർ 30, 31-നും നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല ഒക്ടോബർ 24-ന് ആരംഭിക്കുന്ന ഒന്നാം വർഷ ആന്വൽ സ്കീം ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ) സപ്ലിമെന്ററി ഓൾഡ് സ്കീം & ന്യൂ സ്കീം പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ പാളയം എസ്.ഡി.ഇ സെന്ററിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം. കൊല്ലം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കൊല്ലം വടക്കേവിള ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കൊളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം. ആലപ്പുഴയിലും മറ്റു ജില്ലകളിലും അപേക്ഷിച്ച വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ കൊളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പരീക്ഷയ്ക്ക് ഹാജരാകണം.

### പി.ജി.ഡി.സി.എ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം നവംബർ 22-ാം തീയതി മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ പി.ജി.ഡി.സി.എ (റഗുലർ ആന്റ് സപ്ലിമെന്ററി) നവംബർ 27-ാം തീയതി മുതൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ പി.ജി.ഡി.സി.എ കമ്പൈൻഡ് (സപ്ലിമെന്ററി) എന്നീ പരീക്ഷകൾക്ക് ഒക്ടോബർ 28 വരെ ഫൈനില്ലാതെയും, ഒക്ടോബർ 31 വരെ 50 രൂപ ഫൈനോടുകൂടിയും നവംബർ രണ്ട് വരെ 125 രൂപ സൂപ്പർ ഫൈനോടുകൂടിയും അപേക്ഷിക്കാവുന്നതാണ്. വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്. പാളയത്തെ വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രമായിരിക്കും പരീക്ഷാകേന്ദ്രം.

### പരീക്ഷാഫലം

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷ, ഡിസംബർ 2016 റഗുലർ (2013 സ്കീം) (യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കാര്യവട്ടം) പരീക്ഷാഫലം ഒക്ടോബർ 17 ൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മ പരിശോധനയ്ക്കും ഓണലൈനായി

മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ ആറ്. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## ബി.എസ്.സി ഫലം

കേരള സർവകലാശാല കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2015 സ്കീം–റഗുലർ), ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമസ്ട്രി (2015 സ്കീം–റഗുലർ) കോഴ്സുകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

തിരുവനന്തപുരം.
17.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098